എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വികലാംഗർ

77 [2214] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികലാംഗരായ എത്ര പേർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഇവർക്ക് അടിയന്തിരമായി ജോലി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 46,522 പേർ.

(ബി)

തിരുവനന്തപുരം	..	7922
കൊല്ലം	..	4969
ആലപ്പുഴ	..	2917
പത്തനംതിട്ട	..	1850
കോട്ടയം	..	2653
ഇടുക്കി	..	1282
എറണാകുളം	..	4631
തൃശ്ശൂർ	..	3564
പാലക്കാട്	..	4036
മലപ്പുറം	..	3996
കോഴിക്കോട്	..	3599
വയനാട്	..	894
കണ്ണൂർ	..	2757
കാസർഗോഡ്	..	1452
ആകെ	..	46522

(സി) നിലവിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന എല്ലാ ഒഴിവുകളിലേക്കും പ്രസ്തുത തൊഴിലിന് വികലാംഗർ കൂടി യോഗ്യരാണെന്ന് കാണുന്ന പക്ഷം സീനിയോറിറ്റി, ജാതി സംവരണം എന്നിവയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതോടൊപ്പം, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ അറിയിക്കപ്പെടുന്ന എല്ലാ താൽക്കാലിക ഒഴിവുകളിലേക്കും, പാർട്ട് ടൈം കണ്ടിജൻറ് ഒഴിവുകളിലേക്കും അഡീഷണലായി ഒരു വികലാംഗ ഉദ്യോഗാർത്ഥിയെക്കൂടി നാമനിർദ്ദേശം ചെയ്തുവരുന്നു. ഉദ്യോഗദായകരുമായി നേരിട്ട് ബന്ധപ്പെട്ട് ഇത്തരം ഉദ്യോഗാർത്ഥികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു. പി. എസ്. സി. മുഖേന നടത്തുന്ന ക്ലാസ് 3-4 നിയമനങ്ങളുടെ 3% ഒഴിവുകളിലേക്ക് വികലാംഗരെ നേരിട്ട് നിയമിച്ചുവരികയാണ്. വികലാംഗരെ നാമനിർദ്ദേശം ചെയ്യുമ്പോൾ ഉയർന്ന പ്രായപരിധിയിൽ 10 മുതൽ 15 വർഷം വരെ ഇളവനുവദിച്ചുവരുന്നു. പി. എസ്. സി. നടത്തുന്ന മത്സര പരീക്ഷകൾക്ക് വികലാംഗർക്കായി കോച്ചിംഗ് ക്ലാസുകളും, ഇൻറർവ്യൂവിൽ പ്രാപ്തരാക്കുന്നതിനായി പ്രിപ്പറേഷൻ ക്ലാസുകളും

LIBRARY ARCHIVES Kerala Legislative Assembly

നടത്തിവരുന്നു. 'കെസ്റു' സ്വയംതൊഴിൽ പദ്ധതിയിൽ വികലാംഗർക്ക് പ്രത്യേക പരിഗണന നൽകുകയും, പദ്ധതിയിലെ നിശ്ചിത പ്രായ പരിധിയിൽ 5 വർഷത്തെ ഇളവ് അനുവദിക്കുകയും ചെയ്യുന്നുണ്ട്.

ജൂനിയർ എംപ്ലോയ്മെൻറ് ഓഫീസർമാരുടെ തസ്തിക

78 [2215] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൂനിയർ എംപ്ലോയ്മെൻറ് ഓഫീസർമാരുടെ എത്ര തസ്തിക നിലവിലുണ്ട്;

(ബി) ഇതിൽ എത്രയെണ്ണം പി. എസ്. സി. ഡയറക്ട് റിക്രൂട്ട്മെൻറ് വഴി നടത്താനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഇത് പ്രകാരം എത്ര വേക്കൻസികൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ഈ തസ്തികയിൽ നിലവിൽ എത്ര വേക്കൻസികൾ ഉണ്ട്;

(ഇ) ഇതിൽ എൻ. ജെ. ഡി. വേക്കൻസികൾ എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(എഫ്) നിലവിൽ ഉള്ള പി. എസ്. സി. റാങ്ക് ലിസ്റിന്റെ കാലാവധി അവസാനിക്കാൻ മാസങ്ങൾ മാത്രം ബാക്കി ഉള്ളതിനാൽ നിലവിൽ ഉള്ള വേക്കൻസികൾ അടിയന്തിരമായി പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) നാഷണൽ എംപ്ലോയ്മെൻറ് സർവ്വീസസ് വകുപ്പിൽ ജൂനിയർ എംപ്ലോയ്മെൻറ് ഓഫീസർ തസ്തികകളിൽ 88 സ്ഥിരം തസ്തികകളും 35 താൽക്കാലിക തസ്തികകളും ഉൾപ്പെടെ 123 തസ്തികകൾ നിലവിലുണ്ട്.

(ബി) 22 തസ്തികകളാണ് ഡയറക്ട് റിക്രൂട്ട്മെൻറ് വഴി നികത്തേണ്ടത്. എല്ലാംതന്നെ ഡയറക്ട് റിക്രൂട്ട്മെൻറ് വഴി നികത്തിക്കഴിഞ്ഞു.

(സി) ഇപ്പോൾ നിലവിലുള്ള പി. എസ്. സി. ലിസ്റിൽ നിന്നും നിയമനം നടത്തുന്നതിനായി 21 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി. എസ്. സി. ശുപാർശ ചെയ്തയാളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ തസ്തികയിൽ ഇപ്പോൾ ഒഴിവുകൾ നിലവിലില്ല.

(ഇ) എൻ. ജെ. ഡി. വേക്കൻസികൾ ഒന്നുംതന്നെ നിലവിലില്ല.

(എഫ്) വേക്കൻസികൾ ഉണ്ടാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണ്.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യർ

79 [2216] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly